## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 215*

09.03.2018-ലെ മറുപടി

### ജലനിധി പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങളും പുരോഗതിയും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി സി.കെ. ആശ** | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലനിധി പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) ഉണ്ട്.<br>ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഭൂജലപരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി, ജലനിധി, കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓവ്ചാൽ നിർമ്മാണം, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരുന്നു. |
| (ബി) ജലനിധി പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങളും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ; | (ബി) 2018 ഫെബ്രുവരി 28 വരെ കൈവരിച്ച നേട്ടങ്ങളുടെയും പ്രവർത്തന പുരോഗതിയുടെയും സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.<br>• പദ്ധതി നടപ്പാക്കികൊണ്ടിരിക്കുന്ന പഞ്ചായത്തുകളുടെ എണ്ണം : 115<br>• പദ്ധതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം : 2175<br>• 2018 ഫെബ്രുവരി 28 വരെ പൂർത്തീകരിച്ച ജലവിതരണം നടത്തിയ കുടിവെള്ള പദ്ധതികളുടെ എണ്ണം : 1757<br>• ഇതു വഴി കുടിവെള്ളം വീടുകളിൽ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം : 720590 |

- പദ്ധതിയുടെ അടങ്കൽ തുക : 1358.82 കോടി രൂപ
- 31 .1 .2018 വരെ ചിലവഴിച്ച തുക : 1070.48 കോടി രൂപ

| | | | |
|---|---|---|---|
| (സി) | ജലനിധി പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതികളിലെ മൂന്നിലൊന്നോളം ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലെന്ന് സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | 2015-ൽ കംപ് ട്രോളർ ആൻഡ് ഓഡിറ്റ് ജനറൽ നടത്തിയ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഒന്നാംഘട്ട ജലനിധിയിൽ നടപ്പിലാക്കിയ 3710 കുടിവെള്ള പദ്ധതികളിൽ 35% (1298 എണ്ണം) ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന ക്ഷമമല്ല. സ്രോതസുകളുടെ അപര്യാപ്തത, ജലത്തിന്റെ ഗുണനിലവാരപ്രശ്നം, ഗുണഭോക്തൃ സമിതികളുടെ പരിമിതി എന്നിവയാണ് പ്രധാനമായും പദ്ധതികളുടെ പ്രവർത്തനം ഭാഗികമായോ പൂർണ്ണമായോ നിലയ്ക്കാൻ കാരണമായി കണ്ടെത്തിയിട്ടുള്ളത്. |
| (ഡി) | ഒന്നാം ഘട്ട പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്തവ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന ക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധീകരിക്കുന്നതിന് 2018-19 വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് പഞ്ചായത്തുകളുടെയും ഗുണഭോക്തൃ സമിതികളുടെയും സാമ്പത്തിക പങ്കാളിത്തത്തോടെ ഈ പദ്ധതികൾ പുനരുദ്ധീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ജലനിധി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ